പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2047 **26-10-2026-ൽ മറുപടിയ്ക്ക്**

സർക്കാർ ആയുർവേദ ആശുപത്രികളിലെ പഞ്ചകർമ്മ ചികിത്സാ സേവനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. ഫിറോസ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് കിടത്തിച്ചികിത്സാ സൗകര്യമുള്ള 133 സർക്കാർ ആയുർവേദ ആശുപത്രികളിൽ നിലവിൽ 15 സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ (പഞ്ചകർമ്മ) തസ്തികകൾ മാത്രമാണുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കിടത്തിച്ചികിത്സയിൽ പഞ്ചകർമ്മ ചികിത്സയുടെ പ്രാധാന്യം പരിഗണിച്ച് അത്തരം ആശുപത്രികളിൽ ആവശ്യാനുസരണം കുറഞ്ഞത് ഒരു പഞ്ചകർമ്മ സ്പെഷ്യലിസ്റ്റിന്റെ സേവനം ഉറപ്പാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള 131 സർക്കാർ ആയുർവേദ ആശുപത്രികളിലായി 15 പഞ്ചകർമ്മ സ്പെഷ്യലിസ്റ്റ് തസ്തികകളും, കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയുടെ അനക്സായി പ്രവർത്തിക്കുന്ന പുറക്കാട്ടിരി എ.സി.ഷൺമുഖദാസ് മെമ്മോറിയൽ ആയുർവേദ ചൈൽഡ് ആൻഡ് അഡോളസെന്റ് കെയർ സെന്ററിലെ ഒരു പഞ്ചകർമ്മ സ്പെഷ്യലിസ്റ്റ് തസ്തികയും ഉൾപ്പെടെ ആകെ 16 തസ്തികകൾ നിലവിലുണ്ട്.

മെഡിക്കൽ ഓഫീസർ (ആയുർവേദ) തസ്തികയുടെ ശമ്പള സ്കെയിൽ 55200-115300 ആണ്. സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ (പഞ്ചകർമ്മ) തസ്തികയുടെ ശമ്പള സ്കെയിലും 55200-115300 ആണ്. ഇതിനു പുറമെ 2,700/- രൂപ സ്പെഷ്യൽ പേയും ടി തസ്തികക്ക് അനുവദിച്ചിട്ടുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ചുകൊണ്ട് 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലായി 66 പഞ്ചകർമ്മ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഒരു യൂണിറ്റിൽ 2 തെറാപ്പിസ്റ്റ്മാരുടെ സേവനം ലഭ്യമാക്കി വരുന്നുണ്ട്. ടി യൂണിറ്റുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസർമാരുടെ മേൽനോട്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. പഞ്ചകർമ്മ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ തസ്തികയില്ലാത്ത ആശുപത്രികളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) കേരള പബ്ലിക് സർവീസ് കമ്മീഷൻ വിജ്ഞാപനപ്രകാരം മെഡിക്കൽ ഓഫീസർ (ആയുർവേദ), സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ (പഞ്ചകർമ്മ) എന്നീ തസ്തികകൾക്ക് ഒരേ അടിസ്ഥാന ശമ്പള സ്കെയിൽ (₹55,200-1,15,300) ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയുർവേദ ആശുപത്രികളിലെ പഞ്ചകർമ്മ ചികിത്സാ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള തസ്തികകളുടെ ലഭ്യതയും ആവശ്യകതയും സർക്കാർ വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: ഭാരതീയ ചീകിത്സാ വകുപ്പിന് കീഴിലുള്ള 131 സർക്കാർ ആയുർവേദ ആശുപത്രികളിലായി 15 പഞ്ചകർമ്മ സ്പെഷ്യലിസ്റ്റ് തസ്തികകളും, കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയുടെ അനക്സായി പ്രവർത്തിക്കുന്ന പുറക്കാട്ടിരി എ.സി.ഷൺമുഖദാസ് മെമ്മോറിയൽ ആയുർവേദ ചൈൽഡ് ആൻഡ് അഡോളസെന്റ് കെയർ സെന്ററിലെ ഒരു പഞ്ചകർമ്മ സ്പെഷ്യലിസ്റ്റ് തസ്തികയും ഉൾപ്പെടെ ആകെ 16 തസ്തികകൾ നിലവിലുണ്ട്.

മെഡിക്കൽ ഓഫീസർ (ആയുർവേദ) തസ്തികയുടെ ശമ്പള സ്കെയിൽ 55200-115300 ആണ്. സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ (പഞ്ചകർമ്മ) തസ്തികയുടെ ശമ്പള സ്കെയിലും 55200-115300 ആണ്. ഇതിനു പുറമെ 2,700/- രൂപ സ്പെഷ്യൽ പേയും ടി തസ്തികക്ക് അനുവദിച്ചിട്ടുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ചുകൊണ്ട് 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലായി 66 പഞ്ചകർമ്മ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഒരു യൂണിറ്റിൽ 2 തെറാപ്പിസ്റ്റ്മാരുടെ സേവനം ലഭ്യമാക്കി വരുന്നുണ്ട്. ടി യൂണിറ്റുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസർമാരുടെ മേൽനോട്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. പഞ്ചകർമ്മ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ തസ്തികയില്ലാത്ത ആശുപത്രികളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഒന്നിലധികം മെഡിക്കൽ ഓഫീസർമാരുള്ള കിടത്തിച്ചികിത്സാ സൗകര്യമുള്ള സർക്കാർ ആയുർവേദ ആശുപത്രികളിൽ സേവനാവശ്യകതയും ജീവനക്കാരുടെ ലഭ്യതയും പരിഗണിച്ച് നിലവിലുള്ള മെഡിക്കൽ ഓഫീസർ തസ്തികകളിൽ ആവശ്യമായവ, പഞ്ചകർമ്മ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ തസ്തികകളായി പുനഃക്രമീകരിക്കുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; അധിക സാമ്പത്തിക ബാധ്യത പരമാവധി കുറച്ചുകൊണ്ട് പഞ്ചകർമ്മ ചികിത്സാ സേവനം വ്യാപിപ്പിക്കാൻ ഇത്തരത്തിലുള്ള പുനഃക്രമീകരണം പ്രായോഗികമാണെങ്കിൽ നടപടി സ്വീകരിക്കുമോ;

മറുപടി: ഇപ്രകാരം തസ്തിക പുനഃക്രമീകരിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ആയതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചിട്ടില്ല.

(ഡി) കോഴിക്കോട് ജില്ലയിലെ പന്നിക്കോട്ടൂർ ഗവ. ആയുർവേദ ആശുപത്രി പോലുള്ള ആശുപത്രികളിൽ പഞ്ചകർമ്മ ചികിത്സ ആവശ്യമായ രോഗികൾക്ക് നിലവിൽ പഞ്ചകർമ്മ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസറുടെ സേവനം ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആശുപത്രിയിലെ രോഗികളുടെ ചികിത്സാ ആവശ്യകതയും കിടത്തിച്ചികിത്സാ സൗകര്യവും പരിഗണിച്ച് പഞ്ചകർമ്മ സ്പെഷ്യലിസ്റ്റിന്റെ സേവനം ഉറപ്പാക്കുന്നതിനായി തസ്തിക അനുവദിക്കുകയോ നിലവിലുള്ള തസ്തിക പുനഃക്രമീകരിക്കുകയോ ചെയ്യുമോയെന്നും വ്യക്തമാക്കാമോ;

മറുപടി: കോഴിക്കോട് ജില്ലയിലെ പന്നിക്കോട്ടൂർ ഗവ. ആയുർവേദ ആശുപത്രിയിൽ പഞ്ചകർമ്മ സ്പെഷ്യലിസ്റ്റ് മെഡിക്കലോഫീസർ തസ്തിക നിലവിലില്ല. സ്ഥാപനത്തിൽ നിലവിലുള്ള മെഡിക്കൽ ഓഫീസർമാർ പഞ്ചകർമ്മ ചികിത്സ അടക്കമുള്ള ചികിത്സകൾ നൽകി വരുന്നുണ്ട്. പഞ്ചകർമ്മ സ്പെഷ്യലിസ്റ്റിന്റെ സേവനം ഉറപ്പാക്കുന്നതിനായി തസ്തിക അനുവദിക്കുകയോ നിലവിലുള്ള തസ്തിക പുനഃക്രമീകരിക്കുകയോ ചെയ്യുന്നത് നിലവിൽ പരിഗണനയിലില്ല.

(ഇ) പന്നിക്കോട്ടൂർ ഗവ. ആയുർവേദ ആശുപത്രിയിൽ മെയിൽ/ഫീമെയിൽ തെറാപ്പിസ്റ്റുകളുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആ തസ്തികകൾ അനുവദിക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

<u>മറുപടി:</u> ആയുർവ്വേദ തെറാപ്പിസ്റ്റ് തസ്തികയില്ലാത്ത സ്ഥാപനങ്ങളിൽ നാഷണൽ ആയുഷ് മിഷൻ മുഖേനയും, വകുപ്പിലെ പ്ലാൻ പ്രോജക്ട് മുഖേനയും താത്ക്കാലികമായി സേവനം ലഭ്യമാക്കുന്ന നിലവിലെ സ്ഥിതി തുടരേണ്ടതാണെന്ന് സർക്കാർ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുള്ളതാണ്.

ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ 472 ആയുർവേദ തെറാപ്പിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുന്നതിനായി 10.08.2026 ൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയും ഈ വിഷയത്തിൽ വിശദമായ ഗ്യാപ് അനാലിസിസ് നടത്തി വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ